## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5625      02.11.2016 -ൽ മറുപടിക്ക്

## ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഗുണഫലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഗുണഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയെകുറിച്ച് ഐ.ഐ.റ്റി മുംബൈ 2011-ൽ ഒരു പഠനം നടത്തുകയും, സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ കാലാകാലങ്ങളിൽ ഓരോ ഡെസ്റ്റിനേഷനുകളിലേയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി ടൂറിസം സെക്രട്ടറി/ഡയറക്ടർ തലത്തിൽ വിശദമായ അവലോകന / വിലയിരുത്തൽ യോഗങ്ങൾ ചേരുന്നുണ്ട്.<br>ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് തദ്ദേശീയമായി ഉത്പാദിപ്പിച്ച ഏകദേശം 12 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം നടത്തിയിട്ടുണ്ട്. തേക്കടി, വയനാട്, കുമരകം, കോവളം, ബേക്കൽ എന്നീ |

പ്രദേശങ്ങളിലെ 1510 കുടുംബങ്ങൾ ഇതിൽ ഭാഗധേയിക്കുകളാണ്. ഈ പ്രദേശത്തെ തന്നെ 1146 പേർക്ക് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പരിശീലനവും നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന വ്യാപകമായി വ്യാപിപ്പിക്കുന്നതിന് "ഉത്തരവാദ ടൂറിസം മിഷൻ" രൂപീകരിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |
| സി) തദ്ദേശവാസികളുടെ സഹകരണം ഉറപ്പാക്കി ,ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന്യത്തെയും ആവശ്യകതയെയും കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ തദ്ദേശവാസികളുടെ സഹകരണത്തോടെയാണ് നടത്തി വരുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളിൽ തദ്ദേശവാസികൾക്കായി അവബോധന പരിപാടികൾ, കൃഷി. സൂക്ഷ്മസംരംഭ വികസനം, ടൂറിസ്റ്റ് എസ്കോർട്ട് തുടങ്ങിയവയിൽ പരിശീലനങ്ങൾ പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. ഉത്തരവാദിത്തടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യം മുൻനിർത്തി എല്ലാ ജില്ലകളിലും വിപുലമായ |

അവബോധന പരിപാടികൾ നടത്തുന്നതിന് ആലോചിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ ടൂറിസം വ്യവസായികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തുന്ന അവബോധന പരിപാടികൾക്കാണ് ടൂറിസം വകുപ്പ് ആലോചിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ